₹ 5/-

# റിയൽ ലൈഫ് വോയ്സ്

## R E A L L I F E V O I C E

Monthly

Volume 9
Issue 5

**November 2020**

pages 24

"എന്നാൽ യജമാനൻ തന്റെ വീട്ടുകാർക്ക് തത്സമയത്ത് ഭക്ഷണം കൊടുക്കേണ്ടതിന് അവരുടെ മേൽ ആക്കിവെച്ച വിശ്വസ്തനും ബുദ്ധിമാനും ആയ ദാസൻ ആർ? യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്തു കാണുന്ന ദാസൻ ഭാഗ്യവാൻ"

**(മത്തായി 24:45)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

**Volume 9 Issue 5 November 2020 pages 24 Rs.5/-**



**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay ചെയ്യുകയോ, Sebastian M.V. എന്ന പേരിൽ ക്രോസ്സ്ഡ് ചെക്ക് അയയ്ക്കുകയോ, ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം.

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394



**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**



**Book No. 107**


## ഉള്ളടക്കം


| | പേജ് |
|---|---|
| • ഫെമിനിസത്തോടുള്ള... | 3 |
| • പ്രതികരണങ്ങൾ | 7 |
| • തൃശ്ശൂരിലെ താരപ്പേട്ടൻ (3) | 8 |
| • മനോഹരമായ വാക്കുകൾ | 11 |
| • പുതിയനിയമത്തിലൂടെ യാത്ര(12) | 14 |
| • പരിശുദ്ധാത്മാവ് (30) | 17 |
| • ചിന്തകൾ പന്തങ്ങളാകുമ്പോൾ (28) | 20 |
| • പഞ്ചരത്നങ്ങളുടെ അമ്മ | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ഫെമിനിസത്തോടുള്ള ക്രിസ്ത്യാനിയുടെ കാഴ്ചപ്പാട്

ലിംഗസമത്വത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടി വാദിക്കുന്നതിനെയാണ് പൊതുവെ ഫെമിനിസം (സ്ത്രീസ്വാതന്ത്ര്യ വാദം) എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. സമൂഹത്തിൽ പുരുഷനുള്ള അതേ സ്ഥാനവും പദവിയും സ്ത്രീക്കും ഉണ്ടെന്നും, പുരുഷന്റെ പുറകിൽ നിൽക്കേണ്ടവളല്ല സ്ത്രീ എന്നും, പുരുഷനോട് തോളോട് തോൾ ചേർന്ന് നിൽക്കാനുള്ള അവകാശവും പ്രാപ്തിയും അവൾക്കുണ്ടെന്നും ഫെമിനിസ്റ്റുകൾ ചിന്തിക്കുന്നു. പുരുഷന്റെ ആട്ടും തുപ്പും ചവിട്ടും സഹിച്ച് കഴിയേണ്ടവളോ, കേവലം അടുക്കളയിൽ മാത്രം ഒതുങ്ങിക്കഴിയേണ്ടവളോ അല്ല സ്ത്രീയെന്നും ഫെമിനിസ്റ്റുകൾ വാദിക്കുന്നു.

സമൂഹം കഴിഞ്ഞ കാലങ്ങളിൽ സ്ത്രീകളോട് ചെയ്തിട്ടുള്ള ക്രൂരതകളും അവഗണനകളും ഒരു തരത്തിലും മാപ്പ് അർഹിക്കുന്നതല്ല. സതിസമ്പ്രദായവും, ദേവദാസിസമ്പ്രദായവും മൂലം എത്രയോ സ്ത്രീകൾക്ക് തങ്ങളുടെ മാനവും ജീവനും നഷ്ടപ്പെട്ടിരിക്കുന്നു! എട്ടും പൊട്ടും തിരിയാത്ത പെൺകുഞ്ഞുങ്ങളെ മുത്തനാണുങ്ങൾക്ക് കല്യാണം കഴിച്ച്കൊടുത്ത്, ഒരു രാത്രി കഴിഞ്ഞ് പുലരുമ്പോഴേക്കും ചോര വാർന്നും, ശ്വാസം മുട്ടിയും കൊലചെയ്യപ്പെട്ട എത്രയോ അരുമപ്പെൺകിടാങ്ങളുടെ കണ്ണുനീരും ശാപവും വീണു കുതിർന്ന മണ്ണാണ് ഇത്!

മാറിടം മറയ്ക്കാൻ സ്ത്രീകളെ അനുവദിക്കാതിരിക്കുകയും, അഥവാ ഏതെങ്കിലും അഭിമാനിയായ സ്ത്രീ തന്റെ അരയ്ക്കുമേൽ മേൽമുണ്ട് ധരിച്ചാൽ അവളെ ശിക്ഷിക്കുകയും ചെയ്ത എത്രയോ ഞരമ്പുരോഗികൾ ചരിത്രത്തിന്റെ താളുകളിൽ നാണക്കേടിന്റെ കറ തേച്ച് കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയി. എന്തിനധികം! സ്ത്രീകൾ സ്വന്തം മാറിടത്തിന് നികുതി കൊടുക്കേണ്ടിയിരുന്നു. നികുതി പിരിക്കാൻ വരുന്നവന് നികുതി എത്രയെന്നു കണക്കുകൂട്ടാൻ, അവന്റെ മുമ്പിൽ തന്റെ മേൽമുണ്ട് മാറ്റി അവൾ ഒരു പ്രദർശനവസ്തുപോലെ നിൽക്കണമായിരുന്നു! ഇങ്ങനെയൊരു വൃത്തികേട് ഇവിടെ ഉണ്ടായിരുന്നു എന്നു സ്കൂൾ-കോളേജ് ക്ലാസ്സുകളിൽ പഠിപ്പിക്കുന്നു പോലുമില്ല. അത്രമാത്രം നാറ്റം വമിക്കുന്ന കാര്യമത്രേ അത്.

ഭർത്താവിന്റെ കിരാതമർദ്ദനത്തിനു വിധേയയാകുന്ന സ്ത്രീ... കേവലം അടിമയെപ്പോലെ ജോലി എടുക്കേണ്ടി വരുന്ന സ്ത്രീ... പുരുഷമേധാവിത്വത്തിനു മുമ്പിൽ തലകുനിച്ച്, എന്തും സഹിച്ച്, നിശബ്ദയായി നിൽക്കേണ്ട ഗതികേട് എന്നും സ്ത്രീക്കുണ്ടായിരുന്നു. ഇത്തരം സാമൂഹിക അസമത്വത്തിനെതിരെ പ്രതികരിക്കാനുള്ള സ്ത്രീയുടെ ഉറച്ച മനസ്സിന്റെ സൃഷ്ടിയാണ് ഫെമിനിസം എന്നു പറയാം. അവശതയും അസമത്വവും പീഡനവും അനുഭവിക്കുന്ന സ്ത്രീകളുടെ വക്താക്കളായി ഫെമിനിസ്റ്റുകൾ മുന്നോട്ടു വരുന്നത് തീർച്ചയായും അഭിനന്ദാർഹമാണ്.

**ഫെമിനിസവും ഭാഷയും**

ചെയർമാൻ (Chairman) എന്ന പദത്തിനെതിരെ ഫെമിനിസ്റ്റുകൾ തിരിഞ്ഞത് ജനശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. ആ പദത്തിൽ man എന്ന പുരുഷൻ ഉണ്ടെന്നും അതുകൊണ്ട് അത് മാറ്റി ചെയർപേഴ്സൺ (Chairperson) എന്നാക്കണമെന്നും ഫെമിനിസ്റ്റുകൾ വാദിച്ചു. മനുഷ്യകുലത്തെ കാണിക്കാനായി പൊതുവെ man എന്നു പറയുന്നതിനോട് ഫെമിനിസ്റ്റുകൾ വിയോജിച്ചു. ഇതുപോലെ ഭാഷാപരമായി ഒട്ടനവധി പരിഷ്കാരങ്ങൾ ഫെമിനിസ്റ്റുകൾ മുന്നോട്ടുവച്ചു. അവയെല്ലാം സമൂഹം അംഗീകരിക്കുകയും ചെയ്തു.

**ഗതിമാറിയൊഴുകിയ ഫെമിനിസം**

സ്ത്രീകളുടെ അവകാശങ്ങൾക്കും സമൂഹത്തിൽ സ്ത്രീ അനുഭവിക്കുന്ന ചൂഷണങ്ങൾക്കും എതിരെയുള്ള ഒരു പ്രസ്ഥാനമായി ഫെമിനിസം നിലകൊണ്ടാൽ അത് സ്ത്രീകൾക്കു ഉപകാരപ്രദം തന്നെയാണ്. എന്നാൽ ഫെമിനിസം പലപ്പോഴും വഴിമാറി സഞ്ചരിക്കുകയോ ഗതിമാറി ഒഴുകുകയോ ചെയ്തു. ബൈബിൾ അനുസരിച്ചു ജീവിക്കാൻ ആഗ്രഹിക്കുന്ന ഒരു ക്രിസ്ത്യാനിക്ക് പ്രോത്സാഹിപ്പിക്കാൻ കഴിയാത്ത വിധം ഫെമിനിസത്തിന് ഇക്കാലത്ത് രൂപാന്തരം സംഭവിച്ചു. ഒരു ക്രിസ്ത്യാനി ഫെമിനിസത്തിനെതിരെ നില കൊള്ളേണ്ടിവരുന്നത് താഴെപ്പറയുന്ന നാലു കാരണങ്ങളാലാണ്:

**(1) ഫെമിനിസവും ബൈബിളും**

ബൈബിൾ എന്ന ദൈവവചനം ഫെമിനിസ്റ്റുകൾക്ക് ദഹിക്കുകയില്ല. ആത്മാവായ ദൈവത്തെ പുരുഷൻ എന്നു സംബോധന ചെയ്യുന്നതോ, വചനം ജഡമായിത്തീർന്നപ്പോൾ അത് പുരുഷവേഷമായതോ ഫെമിനിസ്റ്റ് ആശയങ്ങൾക്ക് വിപരീതമാണ്. സ്ത്രീ ബലഹീനപാത്രം, സ്ത്രീ സഭയിൽ മിണ്ടാതിരിക്കട്ടെ, സ്ത്രീയുടെ തല പുരുഷൻ, ഭർത്താവ് ഭാര്യയെ പോറ്റിപ്പുലർത്തണം, ഭാര്യ ഭർത്താവിനു കീഴടങ്ങിയിരിക്കണം... എന്നീ വാചകങ്ങൾ ബൈബിളിലുള്ളത് ഒരു ഫെമിനിസ്റ്റിനെ അരിശം കൊള്ളിക്കുക സ്വാഭാവികം മാത്രം. കൂടാതെ, അപ്പൊസ്തലൻ, മൂപ്പൻ എന്നീ പദവികളെല്ലാം പുരുഷനു മാത്രം! ദൈവം ആദ്യം സൃഷ്ടിച്ചത് പുരുഷനെ!

സ്ത്രീയെ അനേകം ഇടങ്ങളിൽ ബൈബിൾ മാനിക്കുന്നുണ്ടെങ്കിലും, കുടുംബം, സഭ എന്നീ രണ്ടു പ്രധാന സ്ഥലങ്ങളിൽ അവളെ പുരുഷനു പിന്നിലാക്കിയതിനോട് ഫെമിനിസ്റ്റുകൾക്ക് യോജിക്കാൻ കഴിയില്ല. അങ്ങനെ ബൈബിളിലെ ആശയങ്ങളോട് പുറംതിരിഞ്ഞു നിൽക്കുന്ന ഒരു പ്രസ്ഥാന മായതുകൊണ്ട്, ക്രിസ്ത്യാനിക്ക് ഫെമിനിസത്തെ അനുകൂലിക്കാൻ യാതൊരു നിവൃത്തിയുമില്ല.

### (2) ഫെമിനിസവും കുടുംബജീവിതവും

പലപ്പോഴും ഫെമിനിസ്റ്റുകളുടെ കുടുംബജീവിതം തകർന്നുവീണു. കുടുംബജീവിതത്തിൽ ബൈബിൾ മുന്നോട്ടുവച്ചിട്ടുള്ള ആശയങ്ങളിൽ ഒന്നുപോലും ഫെമിനിസ്റ്റുകൾക്ക് സമ്മതമാവില്ല. ബൈബിൾ അനുസരിച്ചു ജീവിക്കുന്നു എന്നവകാശപ്പെടുന്ന ക്രിസ്ത്യൻ സഹോദരിമാർക്കുപോലും ബൈബിളിലെ ഇത്തരം ആശയങ്ങൾ പിടിക്കുന്നില്ല. പിന്നെയല്ലേ ഫെമിനിസ്റ്റുകൾ! പക്ഷേ കുടുംബജീവിതത്തിന്റെ ഭദ്രതയ്ക്കുവേണ്ടി സാക്ഷാൽ ദൈവം മുന്നോട്ടു വച്ച ആശയങ്ങളെ അവഗണിക്കുന്നവരുടെ കുടുംബജീവിതം തകർന്നു തരിപ്പണമാകുന്നു. കുടുംബജീവിതത്തിനോട് ബൈബിളിനുള്ള കാഴ്ചപ്പാട് ഫെമിനിസ്റ്റുകൾക്ക് ഇല്ലാത്തതുകൊണ്ട്, ഒരു ക്രിസ്ത്യാനിക്ക് ഫെമിനിസത്തെ പിന്താങ്ങാൻ കഴിയില്ല.

### (3) ഫെമിനിസവും ലെസ്ബിയനിസവും

പുരുഷമേധാവിത്വത്തെ വെല്ലുവിളിച്ചും, പുരുഷനോടുള്ള തീരാപ്പക ഹൃദയത്തിൽ സൂക്ഷിച്ചും, മുന്നേറിയ ഫെമിനിസം സ്വവർഗ്ഗാനുരാഗത്തിന്റെ പടുകുഴിയിലേക്ക് നിപതിച്ചുവോ? റിപ്പോർട്ടുകൾ വിരൽ ചൂണ്ടുന്നത് ആ ദിശയിലേക്കാണ്. "I am a lesbian" (ഞാൻ സ്വവർഗ്ഗാനുരാഗിയാണ്) എന്ന് പല ഫെമിനിസ്റ്റുകളും അഭിമാനത്തോടെ ഉറക്കെ അവകാശപ്പെട്ടിട്ടുണ്ട്. (ഉദാ: Kate Millet, Adrienne Rich, Nina Lakhani). ബൈബിൾ ശക്തമായി എതിർക്കുന്ന ഇത്തരം അവലക്ഷണത്തിലേക്ക് ഫെമിനിസ്റ്റുകൾ എത്തിച്ചേരുന്നതുകൊണ്ട്, ഒരു ക്രിസ്ത്യാനി ഫെമിനിസത്തെ എതിർക്കേണ്ടിയിരിക്കുന്നു.

### (4) ഫെമിനിസവും ഗുണ്ടായിസവും

അശ്ലീലവീഡിയോ പ്രചരിപ്പിക്കുന്നു എന്ന കാരണത്താൽ വിജയ് പി. നായരുടെ മുറിയിലേക്ക് അതിക്രമിച്ചു കയറി ഫെമിനിസ്റ്റുകളായ ഭാഗ്യലക്ഷ്മിയും മറ്റു രണ്ടു സ്ത്രീകളും നടത്തിയ ചീത്തവിളിയും കരിഓയിൽഅഭിഷേകവും മർദ്ദനവും പിടിച്ചുപറിയും നാം കണ്ടതാണ്. നിയമം കയ്യിലെടുത്ത് ഗുണ്ടായിസം കാണിക്കുന്നിടത്തോളം ഫെമിനിസം വളർന്നു എന്നു തെളിയിക്കുന്ന ഒരു സംഭവമാണിത്. വാളയാറിലെ രണ്ടു പെൺകുഞ്ഞുങ്ങൾ ഉൾപ്പെടെ ചൂഷണത്തിനിരയായ പെൺകുട്ടികളെയും സ്ത്രീകളെയും കുറിച്ച് വിലപിക്കാത്ത ഫെമിനിസ്റ്റുകൾ അശ്ലീലപോസ്റ്റിനെതിരെ രംഗത്തു വന്നത്

സമൂഹമാധ്യമങ്ങളിൽ ഒരു ചർച്ചാവിഷയമായിരുന്നു. സമൂഹത്തിലെ സ്ത്രീകളുടെ നേരെയുള്ള ചൂഷണത്തിനെതിരെ പൊതുവെ പ്രതികരിക്കാനല്ലെങ്കിൽ പിന്നെന്തിനാണ് ഹേ ഈ ഫെമിനിസം? ഫെമിനിച്ചികളുടെ ഇരട്ടത്താപ്പാണ് ഇവിടെ വ്യക്തമായത്. ഏതായാലും തെറ്റു ചെയ്യുന്ന ആണിനെ നിയമം കൊണ്ട് നേരിടാതെ ഗുണ്ടായിസത്തിന്റെ പാത തിരഞ്ഞെടുക്കുന്ന ഒന്നായി ഫെമിനിസം തീരുന്നതുകൊണ്ട് ഒരു ക്രിസ്ത്യാനിക്ക് ഫെമിനിസത്തെ പ്രോത്സാഹിപ്പിക്കാൻ കഴിയില്ല.

അശ്ലീലവീഡിയോയും, പാതിയോ മുഴുവനോ നഗ്നമായ നിലയിൽ തങ്ങളുടെ ശരീരത്തിന്റെ ഫോട്ടോയും പോസ്റ്റു ചെയ്യുന്ന സ്ത്രീകൾക്കെതിരെ ഒരു വാക്കുപോലും ഈ ഫെമിനിച്ചികൾ ഉരിയാടിക്കാണുന്നില്ല. സ്ത്രീകളും കുട്ടികളും വരുന്ന പൊതുസ്ഥലത്ത് സ്ത്രീയെ പരസ്യമായി അധിക്ഷേപിക്കുന്ന നിലയിൽ വച്ചിട്ടുള്ള 'മലമ്പുഴയിലെ യക്ഷി'ക്കെതിരെ ഈ ഫെമിനിച്ചികൾക്ക് പരാതിയില്ല. സിനിമയിലെ പാട്ടുസീനുകളിൽ സ്ത്രീയെ തുണിയുരിഞ്ഞ് അധിക്ഷേപിക്കുന്നതിനെതിരെ ഈ ഫെമിനിച്ചികൾക്ക് മിണ്ടാട്ടമില്ല.

ആണിനെ വെല്ലുവിളിക്കുകയും തോല്പിക്കുകയും ചെയ്യുക എന്ന ഒറ്റയൊരു ലക്ഷ്യം മാത്രമായി ഫെമിനിസം മുന്നേറിയാൽ, അത് എതിർക്കപ്പെടേണ്ടത് തന്നെയാണ്. സമൂഹത്തിലും കുടുംബത്തിലും അരാജകത്വത്തിനു കാരണമാകുന്ന ഈ ഫെമിനിസ്റ്റ്ചിന്താഗതികളെ ബൈബിളിന്റെ ചട്ടക്കൂടിന്നുള്ളിൽ നിന്നു വിമർശിക്കാനേ എന്നെപ്പോലുള്ളവർക്ക് കഴിയൂ. അതു സ്ത്രീയോടുള്ള വിരോധം നിമിത്തമല്ല. 'മലമ്പുഴയിലെ യക്ഷി' പോലുള്ള സ്ത്രീനഗ്നതയെ പരസ്യപ്പെടുത്തുന്ന അശ്ലീലശില്പങ്ങളെ ഞാൻ എതിർക്കുന്നു. സിനിമയിലെ സ്ത്രീകളുടെ ശരീരപ്രദർശനത്തെ ഞാൻ എതിർക്കുന്നു. സ്ത്രീചൂഷണങ്ങളെ ഞാൻ എതിർക്കുന്നു. ഇതിൽനിന്നെല്ലാം എനിക്കു സ്ത്രീകളോട് വിരോധമല്ല, ബഹുമാനമാണ് ഉള്ളത് എന്നു വ്യക്തമാണല്ലോ.

പക്ഷേ, സമൂഹത്തിലും കുടുംബത്തിലും ദൈവംതമ്പുരാൻ മുന്നോട്ടു വച്ച വ്യവസ്ഥകളെയും ക്രമങ്ങളെയും അട്ടിമറിക്കാനുള്ള ഫെമിനിസ്റ്റുകളുടെ ശ്രമങ്ങളെ നാം പ്രോത്സാഹിപ്പിക്കേണ്ടതില്ല. അതുകൊണ്ട് വിശ്വാസികൾ ഫെമിനിസത്തെ ബൈബിളിന്റെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്തുകയും പ്രതികരിക്കുകയും ചെയ്യുക. അബലയും ആലംബഹീനയുമായ സ്ത്രീയെ സംരക്ഷിക്കുക എന്ന വ്യാജേന രംഗപ്രവേശം ചെയ്ത ഫെമിനിസം അതിനുവേണ്ടി നാളിതുവരെ എന്തെങ്കിലും ചെയ്തുവോ എന്നു ചിന്തിക്കുക.

ആണിനെ അടിക്കുന്നതല്ല ഫെമിനിസം. സമൂഹത്തിലും കുടുംബത്തിലും ജോലിസ്ഥലത്തും സ്ത്രീക്ക് നഷ്ടപ്പെട്ടുപോയ മാന്യത തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങളാകണം ഫെമിനിസം.

**എം. വി. സെബാസ്റ്റ്യൻ**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം**
**ഫോൺ: 95 44 557 557**

## M. D. Jacob, Thalore, Thrissur

എന്റെ ചെറുപ്പകാലത്ത്, എനിക്ക് പത്തോ ഇരുപതോ വയസ്സുള്ളപ്പോൾ, താരപ്പേട്ടനെക്കുറിച്ച് ചിലർ സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. താരപ്പേട്ടൻ ഇതിനെക്കുറിച്ച് ഇങ്ങനെയാണ് പറയുന്നത് എന്നും മറ്റുമൊക്കെ ആളുകൾ സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഏതായാലും അദ്ദേഹത്തെക്കുറിച്ച് കൂടുതൽ അറിയാൻ സഹായിക്കുന്ന ഈ ലേഖനപരമ്പര പ്രയോജനകരമാണ്.

കാഹളനാദം കേൾക്കാറായ് എന്ന ഗാനത്തിൽ, ആയാറിൽ നീ കണ്ടീടും എന്നു കാണുന്നു. എന്താണ് അതിന്റെ അർത്ഥം? **(എഡിറ്റർ: ആയാർ എന്നത് ഗ്രീക്ക് പദമാണ്. ആകാശം (air) എന്നർത്ഥം. 1 തെസ. 4:17 ൽ, ആകാശത്തിൽ കർത്താവിനെ എതിരേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടും എന്നു കാണുന്നുവല്ലോ. അവിടെ ആകാശം എന്നതിന് ആയാർ എന്ന പദം ഉപയോഗിച്ചിരിക്കുന്നു.)**

## K. P. Thomas, Kallampara, Thrissur

ഒക്ടോബർ മാസത്തിലെ മാസികയിൽ, സി. വി. താരപ്പൻ ജനിച്ച വർഷം 1886 ൽ അഥവാ കൊല്ലവർഷം 1087 ൽ എന്നു കണ്ടു. കൊല്ലവർഷം 1087 ഒരിക്കലും ഇംഗ്ലീഷ് വർഷം 1886 ആവുകയില്ല.

**(എഡിറ്റർ: തെറ്റു ചൂണ്ടിക്കാണിച്ചതിനു നന്ദി. സി. വി. താരപ്പന്റെ ജീവിതകാലഘട്ടം 1886–1958 ആണ്. കൊല്ലവർഷം 1087 എന്നത് എങ്ങനെയോ വന്നുഭവിച്ച ഒരു അബദ്ധമാണ്)**

## K. M. Kuriakose, Mylellampara, Kozhikode

മാസിക വാട്സാപ്പിൽ കിട്ടിയപ്പോൾ തന്നെ വായിച്ചു. സി. വി. താരപ്പനെക്കുറിച്ച് ഞാനൊന്നും കേട്ടിരുന്നില്ല. അദ്ദേഹത്തെ റിയൽ ലൈഫ് വോയ്സിലൂടെ അറിയാൻ കഴിയുന്നതിൽ വളരെ സന്തോഷം. അദ്ദേഹത്തിന്റെ പാട്ടുകൾ വാട്സാപിൽ ഇട്ടത് വളരെ പ്രയോജനം ചെയ്തു. *പരദേശി ഞാനെന്റെ*

# തൃശ്ശൂരിലെ താരപ്പേട്ടൻ

## അഥവാ, സി.വി.താരപ്പൻ

3

**-എംവിഎസ്-**

### എളച്ചാർ എന്ന കുഞ്ഞനുജത്തി

മോശെയുടെ മൂത്ത സഹോദരിയായ മിര്യാം മോശെയുടെ ജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തി. ആ ആൺകുഞ്ഞിനെ ഞാങ്ങണപ്പെട്ടകത്തിലാക്കി നൈൽ നദിയിൽ ഇട്ടപ്പോൾ, ആ കുഞ്ഞിനെ ശ്രദ്ധിച്ച് അവിടെ വളരെ ഉത്കണ്ഠയോടെ ആ പെങ്ങൾ നിന്നു. ഫറവോന്റെ പുത്രി ആ കുഞ്ഞിനെ കണ്ടെടുത്തപ്പോൾ, അതിനെ മുലയൂട്ടാനായി സ്വന്തം അമ്മയെത്തന്നെ അവൾ അവിടെ എത്തിച്ചു. അങ്ങനെ മോശെയുടെ ജീവിതത്തിൽ, മൂത്ത പെങ്ങളായ മിര്യാം ഒരു അനുഗ്രഹമായിത്തീർന്നെങ്കിൽ, സി. വി. താരപ്പനെ സംബന്ധിച്ചിടത്തോളം ഇളയ പെങ്ങളായ എളച്ചാർ ആണ് വളരെ പ്രയോജനകരമായിത്തീർന്നത്.

കുടുംബത്തിലെ മൂത്ത മകനായ താരപ്പന് ദാരിദ്ര്യം നിമിത്തം പഠനം മുന്നോട്ടു കൊണ്ടുപോകാനായില്ല. താഴെയുള്ളവരുടെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. പക്ഷേ എളച്ചാർ ആ നിലയിൽ ഭാഗ്യവതിയായിരുന്നു. പഠിക്കാനുള്ള സുവർണ്ണാവസരം കുഞ്ഞുഎളച്ചാറിന് കിട്ടി. അതിനെക്കുറിച്ച് *എന്റെ അനുഭവം* എന്ന ആത്മകഥയിൽ താരപ്പൻ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്:

⇨

---

*പരവാസകാലത്ത്* എന്ന പാട്ട് ഞാൻ ഇടയ്ക്കിടെ ഇപ്പോൾ പാടുന്നു. ഞങ്ങളുടെ കുടുംബപ്രാർത്ഥനയിലും പാടുന്നു. നമ്മുടെ ആത്മികഗീതങ്ങൾ പോലുള്ള പാട്ടുപുസ്തകങ്ങളിൽ ഈ പാട്ടുകൾ ഉൾപ്പെടുത്താഞ്ഞത് കഷ്ടമായിപ്പോയി. **(എഡിറ്റർ: യുസ്തുസ് യോസേഫ് ഉൾപ്പെടെ പലരുടെയും പാട്ടുകൾ ആത്മികഗീതങ്ങളിൽ ഉണ്ടെങ്കിലും സി. വി. താരപ്പന്റെ പാട്ടുകൾ ഉൾപ്പെടുത്താതെ പോയത് ദൗർഭാഗ്യം എന്നേ പറയേണ്ടൂ.)**

### Pr. Jose M J, Kumplampoika, Pathanamthitta

പല വിവാഹങ്ങൾക്കും *കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ* എന്ന ഗാനം പാടുന്നത് കേട്ടിട്ടുണ്ട്. സി. വി. താരപ്പനെക്കുറിച്ച് ചില പുസ്തകങ്ങളിൽ വായിച്ചിട്ടുണ്ട്. റിയൽ ലൈഫ് വോയ്സിൽ അദ്ദേഹത്തെക്കുറിച്ചുള്ള കാര്യങ്ങൾ ഒരു ലേഖനപരമ്പരയായി കൊടുക്കുന്നത് നന്നായി. ○

മാളക്കാരൻ ജോൺഉപദേശി എന്റെ വീട് കാണ്മാൻ പലപ്പോഴും ആവശ്യപ്പെട്ടിട്ടും, ദാരിദ്ര്യം പിടിച്ച എന്റെ വീട് കാണിക്കാതിരിക്കാൻ ഞാൻ അതിൽനിന്നു ഒഴിഞ്ഞുമാറിക്കൊണ്ടിരുന്നു. ഒരു ദിവസം കാലത്ത് ഉപദേശിയും ചക്കന്റെ വളപ്പിലെ അച്ചനുംകൂടെ വീട്ടിൽ വന്നെത്തി. എന്റെ പെങ്ങൾ എളച്ചാർ നാലാംക്ലാസ്സ് ജയിച്ച്, പഠിക്കുവാൻ വകയില്ലാതെ വീട്ടിൽ നിന്നിരുന്നു. ഈ കുട്ടി ഏതാണെന്നു ഉപദേശി അച്ചനോടു ചോദിച്ചു. അത് താരപ്പന്റെ പെങ്ങളാണെന്നു അച്ചൻ പറഞ്ഞു. ആ കുട്ടിയെ പഠിപ്പിക്കുന്നില്ലേ? നിങ്ങളൊക്കെ ഉണ്ടായിട്ട് എന്തുകൊണ്ട് ഈ കാര്യം ചെയ്യുന്നില്ല? എന്നൊക്കെ പറഞ്ഞു. ഒരു ചുരുങ്ങിയ സംഖ്യ കുട്ടിയെ പഠിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ വകയായി അച്ചനെ ഏല്പിച്ചു. അച്ചനെ ഈ കാര്യം ഭരമേല്പിച്ചു ഉപദേശി തിരിച്ചുപോയി. അച്ചൻ ഈ കാര്യങ്ങൾക്കുവേണ്ടി ഉത്സാഹിക്കുമ്പോൾ അതു സാധ്യമല്ലെന്നും അതിനുവേണ്ടി ഉത്സാഹിക്കേണ്ടാ എന്നും ഞാൻ പറഞ്ഞു. എങ്കിലും ദൈവസഹായത്താലും അദ്ദേഹത്തിന്റെ ഉത്സാഹത്താലും കുട്ടിയെ സ്കൂളിൽ ചേർത്തു. അതിലെനിക്ക് അല്പം ആശ്വാസമുണ്ടായി.

അങ്ങനെ താരപ്പന്റെ കുഞ്ഞനുജത്തിയായ എളച്ചാർ സ്കൂളിൽ പഠനം തുടരുവാനിടയായി. താരപ്പന്റെ ജീവിതത്തിൽ, അദ്ദേഹത്തിന്റെ ഗാനങ്ങളായാലും പുസ്തകങ്ങളായാലും, അക്ഷരശുദ്ധി വരുത്തി അവ എഴുതിയിരുന്നത് പലപ്പോഴും എളച്ചാർ ആയിരുന്നു എന്ന സത്യം നാം പരിഗണിക്കുമ്പോൾ, അന്ന് എളച്ചാറിനു ലഭിച്ച വിദ്യാഭ്യാസത്തിന്റെ മാറ്റ് എത്രയെന്നു ഊഹിക്കാമല്ലോ. കുടുംബത്തിലെ മൂത്ത മകനായ താരപ്പന് ലഭിക്കാതെ പോയ ഔപചാരികവിദ്യാഭ്യാസം അദ്ദേഹത്തിന്റെ കുഞ്ഞനുജത്തി എളച്ചാറിന് ലഭിച്ചത് നിമിത്തം ദൈവസഭയ്ക്ക് വളരെ പ്രയോജനമുണ്ടായി. താരപ്പന്റെ മനസ്സിൽ പൊട്ടിവിരിഞ്ഞ വരികളും ആശയങ്ങളും എളച്ചാർ അക്ഷരങ്ങളാക്കി കടലാസിൽ എഴുതിയത് നിമിത്തം ദൈവജനത്തിന് ലഭിച്ചത് 17 പുസ്തകങ്ങളും 300-ഓളം ഗാനങ്ങളുമാണ്!

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഇന്നത്തെ തലമുറ മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു! സ്കൂളിലും കോളേജിലും പോകുന്ന കുട്ടികൾ പ്രേമത്തിനും ചാറ്റിംങിനും വാട്സാപിനും ഫെയ്സ്ബുക്കിനും അടിമകളായി ലക്ഷ്യം തെറ്റി പായുന്നതാണ് നാം കണ്ടുവരുന്നത്. മാതാപിതാക്കളെ ബഹുമാനമില്ലാത്തവരും ദുഷ്ടന്മാരും മടിയന്മാരും മറ്റുള്ളവരോടു സ്നേഹമോ സഹതാപമോ ഇല്ലാത്തവരും ആയ ഒരു തലമുറ വികാസം പ്രാപിച്ചുവരുന്നു. പഠിക്കാൻ ആഗ്രഹമുണ്ടായിരുന്നിട്ടും പഠിക്കാൻ കഴിയാതെ പോയ താരപ്പനെപ്പോലുള്ളവരുടെ സാഹചര്യത്തിൽ നിന്നും വ്യത്യസ്തമായ സാഹചര്യം ലഭിച്ചതിന് കുട്ടികളേ നിങ്ങൾ ദൈവമുമ്പാകെ നന്ദിയുള്ളവരാകൂ.

ക്രിസ്തീയകുടുംബങ്ങളിലെ മാതാപിതാക്കൾ തങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസം കൊടുക്കുന്നത് നല്ലതു തന്നെ. എന്നാൽ ആ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം പണമുണ്ടാക്കുക, സുഖലോലുപതയിൽകഴിയുക, കൂട്ടത്തിൽ വല്ല നക്കാപ്പിച്ചയും ദൈവവേലയ്ക്കു കൊടുക്കുക എന്നതായിരിക്കരുത്. സോഷ്യൽ സ്റ്റാറ്റസ് നിലനിർത്താനായി മാത്രം മക്കളെ പഠിപ്പിക്കുന്ന മാതാപിതാക്കളേ, നിങ്ങളുടെ മക്കളുടെ വിദ്യാഭ്യാസം കൊണ്ടു ദൈവസഭയ്ക്കു പ്രയോജനം ഉണ്ടാകണം എന്നു ചിന്തിക്കുക; ആഗ്രഹിക്കുക.

എളച്ചാർ കൊച്ചന്നൂർ ഗവൺമെന്റ് സ്കൂളിൽ ടീച്ചറായി. അവിവാഹിതയായി കഴിയാൻ എളച്ചാർടീച്ചർ തീരുമാനിച്ചു. നാളുകളായി അനുഭവിച്ചു പോരുന്ന ദാരിദ്ര്യത്തെ കുറച്ചൊക്കെ അതിജീവിക്കാൻ എളച്ചാർടീച്ചറിനു കഴിഞ്ഞിട്ടുണ്ടായിരിക്കണം. തനിക്കു ലഭിച്ച വിദ്യാഭ്യാസം ക്രൈസ്തവസഭയ്ക്ക് പ്രയോജനപ്പെടുത്തിയ മഹതിയായിരുന്നു പെങ്ങാമുക്കിലെ എളച്ചാർടീച്ചർ എന്നു നിസ്സംശയം പറയാം. മോശെക്ക് അഹരോൻ നാവ് ആയിരുന്നുവെങ്കിൽ, താരപ്പേട്ടന് എളച്ചാർ തൂലിക ആയിരുന്നു. താരപ്പേട്ടൻ മൺമറഞ്ഞ് 25 വർഷങ്ങൾക്കുശേഷം, അതായത് 30-8-1983 ൽ എളച്ചാർടീച്ചർ ഈ ലോകത്തിൽനിന്നും വിടപറഞ്ഞു.

ഭക്തനായ മൂത്ത ആങ്ങളയ്ക്ക് സർവ്വപിന്തുണയും കൊടുത്ത് വിശ്വസ്തയായ പെങ്ങളായി എളച്ചാർ നിലകൊണ്ടു. രക്തബന്ധം കൊണ്ടു മാത്രമല്ല, ക്രിസ്തുവിന്റെ രക്തംകൊണ്ടും കൂടി ലഭിച്ച സാഹോദര്യബന്ധം എളച്ചാർ വലിയ വിലയോടെ കണ്ടു. ക്രിസ്തീയകുടുംബങ്ങളിലെ ആങ്ങള-പെങ്ങൾ പോരുകൾ കുപ്രസിദ്ധമാണ്. പാട്ടും പ്രാർത്ഥനയും ഉണ്ടെങ്കിലും പണത്തിന്റെ കാര്യം വരുമ്പോൾ ആങ്ങളയും പെങ്ങളും കീരിയും പാമ്പും ആകുന്നു. എന്നാൽ ഇക്കാര്യത്തിൽ താരപ്പനും എളച്ചാറും എല്ലാവർക്കും ഒരു മാതൃകയായിരുന്നു.

ചതിയുള്ള ഈ ലോകത്തിൽ നാം ശ്രദ്ധയോടെ ജീവിക്കണമെന്നു ആഹ്വാനം ചെയ്തുകൊണ്ട് സി. വി. താരപ്പൻസഹോദരൻ എഴുതിയ വരികൾ ശ്രദ്ധിക്കുക. ഈ ലോകത്തെ നാം കൊതിക്കരുത്. അതിൽ മദിക്കരുത്.

*ചതിക്കുന്ന ലോകം ചതിക്കുന്ന ലോകം*
*ചതിക്കുന്ന ലോകമിത് - മനമേ*
*കൊതിക്കരുതിതിനെ മദിക്കരുതിതിൽ നീ*
*ചതിക്കുന്ന ലോകമിത്*

*ഇഹതലബലവും ഭാഗ്യങ്ങളഖിലം*
*വേഗത്തിൽ പോയ്മറയും - മനമേ*
*ദേഹവും നശിക്കും ജീവനും പിരിയും*
*ചതിക്കുന്ന ലോകമിത്.*

**(തുടരും)**

# മനോഹരമായ വാക്കുകൾ

## പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

"താൻ പറയുന്ന ഉത്തരം ഹേതുവായി മനുഷ്യനു സന്തോഷം വരും; തക്ക സമയത്ത് പറയുന്ന വാക്ക് എത്ര മനോഹരം!" എന്നു സദൃശവാക്യങ്ങൾ 15:23 ൽ നാം വായിക്കുന്നു. ജ്ഞാനിയായ ശലോമോൻ മുഖാന്തരം എഴുതപ്പെട്ട സദൃശവാക്യങ്ങളും സഭാപ്രസംഗിയും ഉത്തമഗീതവും ദൈവവചനത്തിന്റെ ഭാഗങ്ങൾ മാത്രമല്ല, മനോഹരമായ വാക്കുകളുടെ സമാഹാരം കൂടിയാണ്.

വാക്കുകളുടെ വില വളരെ വലുതാണെന്നും അതു നിർണ്ണയിക്കാൻ തന്നെ അസാദ്ധ്യമാണെന്നും ചൂണ്ടിക്കാണിക്കുന്ന നിരവധി സംഭവങ്ങൾ ദൈവവചനത്തിലുണ്ട്, സഭാചരിത്രത്തിലും ലോകചരിത്രത്തിലും ഉണ്ട്. അങ്ങനെയുള്ള മഹൽസംഭവങ്ങളിൽ ഒരെണ്ണം ഈ ലേഖനത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. 2021 ഏപ്രിൽ മാസം 18-ാം തീയതി ആകുമ്പോൾ ഈ വാക്കുകൾ ഉച്ചരിക്കപ്പെട്ടിട്ട് 500 വർഷങ്ങൾ തികയും.

1521 ഏപ്രിൽ 18-ാം തീയതി ജർമ്മനിയിലെ വേംസ് കത്തീഡ്രലിൽവച്ച്, തന്റെ വിസ്താരത്തിന്റെ ഒടുവിൽ ആർച്ച്ബിഷപ്പ് ജോൺ എക്ക് (John Eck) എന്ന, ലിയോ പത്താമൻ മാർപ്പാപ്പയുടെ പ്രതിനിധിയോട് മാർട്ടിൻ ലൂഥർ പറഞ്ഞ വാക്കുകളാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അന്ന് അദ്ദേഹം പറഞ്ഞ "Here I stand, God help me, Amen." എന്നീ വാക്കുകൾ ലോകത്തെ കീഴ്മേൽ മറിച്ച വാക്കുകളായി ചരിത്രത്തിൽ നിലകൊള്ളുന്നു.

ജോൺവിക്ലിഫിന്റെ കാലം മുതൽ ക്രൈസ്തവസഭയിൽ സത്യം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ജീവൻ ബലിയർപ്പിച്ച ബൊഹീമിയായിലെ ജോൺഹസ്സിനെപ്പോലെയുള്ള അനേകം രക്തസാക്ഷികളുടെ പരിശ്രമം ഫലപ്രാപ്തിയിലെത്തിക്കുന്നതിനായി ജർമ്മനിയിലെ വിറ്റൻബർഗിൽ ദൈവം പ്രത്യേകമായി എഴുന്നേൽപ്പിച്ച മനുഷ്യനായിരുന്നു മാർട്ടിൻ ലൂഥർ. നിയമവിദ്യാർത്ഥിയായി പഠനം നടത്തി ആ രംഗത്ത് മികവ് നേടണമെന്ന് ബാലനായിരുന്ന മാർട്ടിനെക്കുറിച്ച് തന്റെ പിതാവ് ആഗ്രഹിച്ചിരുന്നുവെങ്കിലും അവൻ വൈദികവിദ്യാർത്ഥിയായി തീരുകയാണ് ചെയ്തത്.

നാലാം നൂറ്റാണ്ടിൽ റോമൻ ചക്രവർത്തിയായിരുന്ന കോൺസ്റ്റൻടൈൻ (കുസ്തന്തീനോസ്) ക്രിസ്തീയവിശ്വാസം സ്വീകരിക്കുകയും, ചക്രവർത്തിയെ അനുകരിച്ചുകൊണ്ട് സാമ്രാജ്യത്തിലെ ജനങ്ങൾ യാതൊരു മാനസാന്തരവും കൂടാതെ കൂട്ടമായി മതപരിവർത്തനം നടത്തി ക്രിസ്ത്യാനികളായിത്തീരുകയും ചെയ്തുവെന്നു ചരിത്രം സാക്ഷിക്കുന്നു. ഇതിനെത്തുടർന്ന് വിജാതീയ മതാചാരങ്ങളും വിശ്വാസങ്ങളും സഭയെ വിഴുങ്ങുകയാണുണ്ടായത്.

കാര്യസാദ്ധ്യത്തിനുവേണ്ടി ഏതു അധർമ്മവും പ്രവർത്തിക്കാൻ മടിയില്ലാത്ത നേതൃത്വം സഭയെ ഭരിച്ചുകൊണ്ടിരുന്ന 16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, മനുഷ്യർ ചെയ്തിട്ടുള്ളതും ചെയ്യാനിരിക്കുന്നതുമായ സകല പാപങ്ങളും മാർപാപ്പ തനിക്കു ലഭിച്ചിട്ടുള്ള പ്രത്യേക അധികാരത്താൽ മോചിച്ചുതന്നിരിക്കുന്നു എന്നു പ്രഖ്യാപിക്കുന്ന പാപമോചനചീട്ടുകൾ ഉണ്ടാക്കാനും, അവ വിറ്റ് സഭയ്ക്ക് വരുമാനം ഉണ്ടാക്കാനും പദ്ധതി തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്തു.

ലിയോ പത്താമൻ മാർപാപ്പ റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കായുടെ പണിക്കുവേണ്ടി പാപമോചനചീട്ടിന്റെ വില്പന മുഖാന്തരം പണം സ്വരൂപിക്കാൻ പ്രത്യേക പരിശ്രമം നടത്തി. യൂറോപ്പിലെ മിക്കവാറും എല്ലാ രാജ്യങ്ങളിലേക്കും അദ്ദേഹം തന്റെ പ്രതിനിധികളെ പാപമോചനചീട്ടുകളുമായി അയച്ചു. അങ്ങനെ ജോൺ ടെറ്റ്സൽ എന്ന ഡൊമിനിക്കൻ സന്യാസി ജർമ്മനിയിൽ വരികയും പാപമോചനചീട്ടുകളുടെ വില്പന പരസ്യമായി നടത്തുകയും ചെയ്തു.

ഇതിനെ തുടർന്ന് ദൈവവചനത്തിനു വിരുദ്ധവും വഞ്ചനാപരവുമായ ഈ നടപടിയെ വിമർശിച്ച് 95 ന്യായങ്ങൾ ഉൾക്കൊള്ളുന്ന ഒരു രേഖ മാർട്ടിൻ ലൂഥർ എഴുതി തയ്യാറാക്കുകയും അതു വിറ്റൻബർഗ് കത്തീഡ്രലിന്റെ വാതിലിന്മേൽ പതിച്ചു വയ്ക്കുകയും ചെയ്തു. കത്തോലിക്കാസഭ ലൂഥറിനെതിരെ, ജർമ്മനി ഭരിച്ചിരുന്ന ചക്രവർത്തിയുടെ സഹായത്തോടെ നടപടികൾ സ്വീകരിക്കാൻ ആരംഭിച്ചു. അങ്ങനെ ചക്രവർത്തിയുടെ ആജ്ഞപ്രകാരം 1521 ഏപ്രിൽ മാസത്തിൽ ലൂഥർ വിറ്റൻ ബർഗിൽനിന്ന് വേംസ് നഗരത്തിലേക്ക് ചെല്ലേണ്ടതായി വന്നു. ഏപ്രിൽ 16-ാം തീയതി വേംസിൽ എത്തിയ ലൂഥർ പിറ്റേ ദിവസം ആർച്ച് ബിഷപ്പ് ജോൺ എക്കിന്റെ മുമ്പിൽ ഹാജരായി.

അതിനോടകം സഭയുടെ വിശ്വാസാചാരങ്ങൾ പലതും ദൈവവചനവിരുദ്ധമാണെന്നു തെളിയിച്ചുകൊണ്ട് ലൂഥർ എഴുതി പ്രസിദ്ധീകരിച്ചിരുന്ന പുസ്തകങ്ങളുടെയും ലേഖനങ്ങളുടെയും വലിയൊരു ശേഖരം അവിടെ കത്തീഡ്രലിൽ ലൂഥറിന്റെ വിചാരണയ്ക്കുവേണ്ടി കൊണ്ടുവന്നു വച്ചിട്ടുണ്ടായിരുന്നു. ആർച്ച്ബിഷപ്പ് അവയ്ക്കു നേരെ ചൂണ്ടിക്കൊണ്ട് അവയിലെ ആശയങ്ങൾ തെറ്റാണെന്നു സമ്മതിക്കാൻ തയ്യാറാണോ എന്നു ലൂഥറോടു ചോദിച്ചു. വിസ്താരത്തിന്റെ ഫലമായി ലൂഥറെ ദുരുപദേശക്കാരൻ എന്നു മുദ്ര കുത്തി, ചക്രവർത്തിയുടെ സഹായത്തോടുകൂടി വധശിക്ഷയ്ക്കു വിധേയനാക്കുക സാദ്ധ്യമാണെന്നു അദ്ദേഹത്തിനു അറിയാമായിരുന്നു.

ഒറ്റ വാക്കിൽ മറുപടി പറയുക പ്രയാസമാണ്, ചിന്തിച്ചിട്ട് മറുപടി പറയാമെന്നു ലൂഥർ പറയുകയും, ചിന്തിക്കാനുള്ള സമയം കൊടുത്തുകൊണ്ട്, പിറ്റെ ദിവസം മറുപടി നൽകിയാൽ മതിയെന്നു ബിഷപ്പ് ജോൺ എക്ക് സമ്മതിക്കുകയും ചെയ്തു. അങ്ങനെ പിറ്റെ ദിവസം, 1521 ഏപ്രിൽ മാസം 18-ാം

തീയതി വൈകീട്ട് നാലുമണിക്ക് മാർട്ടിൻ ലൂഥർ വീണ്ടും ബിഷപ്പിന്റെ മുമ്പിൽ ഹാജരായി. സംസാരിക്കാൻ ലൂഥറെ അനുവദിച്ചപ്പോൾ അദ്ദേഹം താൻ എഴുതിയ ആശയങ്ങൾ എല്ലാം തന്നെ ദൈവവചനപ്രകാരം ശരിയാണെന്നും എല്ലാ നിലയിലും സത്യമാണെന്നു ബോധിപ്പിക്കുകയും ചെയ്തു. അവ തെറ്റാണെന്നു സമ്മതിച്ചുകൊണ്ട് അവയെ തള്ളിപ്പറയാൻ തയ്യാറുണ്ടോ ഇല്ലയോ എന്നു വ്യക്തമായി പറയണം എന്നു ബിഷപ്പ് ലൂഥറോട് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞു:

"Unless I am convinced of error by the testimony of the scripture or by manifest evidence,.... I cannot and will not retract, for we must never act contrary to our conscience.... Here I stand. God help me, Amen." [തിരുവെഴുത്തിന്റെയോ വ്യക്തമായ തെളിവിന്റെയോ അടിസ്ഥാനത്തിൽ ഈ ആശയങ്ങൾ തെറ്റെന്നു ബോധ്യമാകാതിരിക്കുന്നിടത്തോളം കാലം അവ തെറ്റാണെന്നു സമ്മതിക്കാൻ ഞാൻ തയ്യാറല്ല. എന്റെ മനഃസാക്ഷിക്കു വിരോധമായി പ്രസ്താവിക്കുവാൻ എനിക്കു സാദ്ധ്യമല്ല. ഈ നിലപാടിൽ ഞാൻ ഉറച്ചുനിൽക്കുന്നു. ദൈവം എന്നെ സഹായിക്കട്ടെ, ആമേൻ]

ബിഷപ്പിന്റെ ആവശ്യപ്രകാരം അദ്ദേഹം ഈ വാക്കുകൾ ലത്തീൻഭാഷയിലും പറഞ്ഞു. ദൈവത്തെ അനുസരിച്ചുകൊണ്ടും സഭയെ ധിക്കരിച്ചുകൊണ്ടും മാർട്ടിൻ ലൂഥർ പറഞ്ഞ ഈ വാക്കുകൾ സഭാധികാരികളെ പ്രകോപിപ്പിച്ചെങ്കിലും ജർമ്മനിയിലെ ആളുകളുടെ വികാരം കണക്കിലെടുത്ത് ചക്രവർത്തി ലൂഥറെ അറസ്റ്റ് ചെയ്തു തടവിലാക്കാൻ തയ്യാറായില്ല. സഭനവീകരണം ആഗ്രഹിച്ച യൂറോപ്പിലെ അനേകം സത്യാന്വേഷികളായ ആളുകളെ ധൈര്യപ്പെടുത്തുവാനും വലിയൊരു പ്രസ്ഥാനമായി സഭാനവീകരണം വളർച്ച പ്രാപിക്കുവാനും ഈ സംഭവം മുഖാന്തരമായിത്തീർന്നു.

നാലാം നൂറ്റാണ്ടിൽ റോമൻ ചക്രവർത്തിയായിരുന്ന കോൺസ്റ്റൻടൈനിന്റെ മതംമാറ്റം നിമിത്തം ക്രൈസ്തവസഭയ്ക്കു നഷ്ടമായിപ്പോയ ദൈവവചനം തിരിച്ചെടുത്തു വീണ്ടും സഭയിലേക്കു കൊണ്ടുവന്ന മഹാനായ വ്യക്തി എന്ന നിലയിലും ലോകം കണ്ടിട്ടുള്ള ഏറ്റവും വലിയ സാസ്കാരിക വിപ്ലവത്തിന്റെ നായകൻ എന്ന നിലയിലും മാർട്ടിൻ ലൂഥർ സമാദരണീയനാണ്. സത്യത്തിനു സാക്ഷി നിന്നുകൊണ്ട്, അപകട സാദ്ധ്യതയും കഷ്ടതയും കണക്കിലെടുക്കാതെ, തക്ക സമയത്ത് പറയേണ്ടുന്ന വാക്കുകൾ പറയുവാൻ തയ്യാറായതാണ് അദ്ദേഹത്തിന്റെ മാഹാത്മ്യത്തിന്റെ രഹസ്യം.

ഇന്നത്തെ ലോകത്തിൽ മനുഷ്യരാലുള്ള മാനം ആഗ്രഹിക്കാതെ മനുഷ്യരാലുള്ള നിന്ദയും വിമർശനവും പീഡനവും ഒക്കെ സഹിക്കാൻ തയ്യാറായിക്കൊണ്ട് യേശുക്രിസ്തുവിന്റെ സത്യവചനത്തിനു സാക്ഷ്യം വഹിക്കാൻ നാം തയ്യാറായാൽ നമ്മിലൂടെയും വളരെ മഹത്തായ കാര്യങ്ങൾ നിർവഹിക്കുവാൻ ദൈവം പ്രസാദിക്കും, സംശയമില്ല. ❍

# (12) പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

## എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

### രണ്ടാം ഭാഗം: മലകൾ

**3. സീയോൻമല** (എബ്രായർ 12:22)

സീയോൻമലയും സീനായ്മലയും തമ്മിലുള്ള താരതമ്യം നാം മുമ്പ് പരിശോധിച്ചിട്ടുള്ളതാണല്ലോ. ന്യായപ്രമാണം കൊടുത്തത് സീനായ്മലയിൽ വച്ചാണ്. എന്നാൽ നമ്മെ ദൈവം കൊണ്ടുവന്നിരിക്കുന്നത് സീനായ്മലയുടെ അടുത്തേക്കല്ല, പിന്നെയോ സീയോൻമലയുടെ അടുത്തേക്കാണ് എന്നു എബ്രായലേഖനത്തിൽ വ്യക്തമാക്കിയിരിക്കുന്നു. സഹിച്ചുകൂടാത്ത കല്പനകളും (12:20), പേടിച്ചു വിറയ്ക്കുവാൻ പര്യാപ്തമായ കാഴ്ചകളും (12:21) ആണ് സീനായ്പർവ്വതത്തിൽ ഉണ്ടായിരുന്നത്. പക്ഷേ, സീയോൻപർവ്വതത്തിലാകട്ടെ ഇത്തരം ഭയങ്കര കാഴ്ചകളൊന്നും ഇല്ല! ദൈവത്തിനു സ്തോത്രം!

**സീയോൻമലയും കൃപയും:** പഴയനിയമകാലത്താണ് നാം ജനിച്ചിരുന്നതെങ്കിൽ... ഓ! എനിക്ക് ചിന്തിക്കാൻ പോലും കഴിയുന്നില്ല. അപ്പോൾ നിങ്ങൾ ചോദിച്ചേയ്ക്കാം: "എന്നിട്ടു പഴയനിയമകാലത്ത് ആരും ജീവിച്ചില്ലേ?" എന്ന്. ഉവ്വ്; പഴയനിയമകാലത്ത് നിരവധി ഭക്തന്മാർ ജീവിച്ചിട്ടുണ്ട്. അവർ ന്യായപ്രമാണത്തിന്റെ മുമ്പിൽ ഇടയ്ക്കിടെ തോറ്റുകൊണ്ടു തന്നെ ജീവിച്ചു. ദൈവം അവരെ സ്നേഹിക്കുകയും സഹതാപം കാണിക്കുകയും ചെയ്തുപോന്നു. പക്ഷേ, ന്യായപ്രമാണത്തിന്റെ ശാപം ഇല്ലാത്ത ഒരു കാലഘട്ടത്തിൽ ജിവിച്ചു പരിചയിച്ച, ദൈവകൃപയുടെ മാധുര്യം ആവോളം നുകരാൻ അവസരം ലഭിച്ച നമ്മെ സംബന്ധിച്ചിടത്തോളം, ന്യായപ്രമാണകാലത്ത് നാം ജീവിക്കുന്ന കാര്യം ചിന്തിക്കുന്നത് തന്നെ ബുദ്ധിമുട്ട് ഉളവാക്കുന്നതല്ലേ?

ദൈവത്തിനു എത്ര സ്തോത്രം ചെയ്താലും മതിയാവുന്നില്ല. "ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്ന് നമ്മെ വിലെക്കു വാങ്ങി" എന്നാണ് അപ്പൊസ്തലനായ പൗലൊസ് എഴുതുന്നത് (ഗലാത്യർ 3:13). ഇപ്പോഴത്തെ നമ്മുടെ അവസ്ഥ എന്താണ്? നാം "ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരാകയാൽ..." എന്നു റോമർ 6:15 ൽ നാം വായിക്കുന്നുണ്ട്.

അങ്ങനെയെങ്കിൽ സീയോൻപർവ്വതം കൃപയെ കാണിക്കുന്നു എന്നു നമുക്കു ധൈര്യമായി പറയാം. ജാതികളുടെ കൂട്ടത്തിൽ പെട്ട രാഹാബിനെയും രൂത്തിനെയും സീനായ്പർവ്വതത്തിന്റെ (ന്യായപ്രമാണത്തിന്റെ) അടുത്തേക്ക് കൊണ്ടുവന്ന ദൈവം, നമ്മെ കൊണ്ടുവന്നത് സീയോൻപർവ്വതത്തിന്റെ (കൃപയുടെ) അടുത്തേക്കാണല്ലോ എന്നോർത്ത് നമ്മുടെ ഹൃദയം തുള്ളിമറിയുകയും നാം ദൈവത്തെ സ്തുതിക്കുകയും ചെയ്യേണ്ടതുണ്ട്.

**സീയോൻമലയും ഭയവും:** സീയോൻമല കൃപയെ കാണിക്കുന്നു എന്ന കാരണത്താൽ വിശ്വാസികൾ പലരും ഇന്നു ഉഴപ്പന്മാരാണ് എന്നു പറയാതെ വയ്യ. പഴയനിയമജനത സീനായ്മലയുടെ അടുത്ത് നിന്ന്, “ഇനി ഒരു വചനവും തങ്ങളോടു പറയരുതേ എന്നു അപേക്ഷിച്ചു” (എബ്രായർ 12:19). അത്രമാത്രം അവർ ഭയന്നുപോയി! മോശെയും പേടിച്ചു വിറച്ചു (12:21). പക്ഷേ സീനായിയുടെ അടുത്ത് നിന്നു സീയോന്റെ അടുത്തേക്ക് കൊണ്ടുവന്നപ്പോൾ ദൈവജനത്തിന് ആ ഭയം ഇല്ലാതായിപ്പോയോ? ഇന്നത്തെ ദൈവജനത്തിലെ പലരും ദൈവത്തെയും ദൈവകല്പനകളെയും വളരെ നിസ്സാരമായി കാണുന്ന അവസ്ഥയല്ലേ ഉള്ളത്?

സഭായോഗത്തിൽ സ്ഥിരമായി നേരം വൈകിവരുന്നവരും, വന്നാൽ തന്നെ അലസമായും അലക്ഷ്യമായും ഇരിക്കുന്നവരും, കള്ളത്തരങ്ങൾ കാണിക്കുന്നവരും ആയി ദൈവജനം അധഃപതിച്ചുപോയില്ലേ? ഒരു ശേഷിപ്പ് ഉണ്ട് എന്നു സമ്മതിക്കുന്നു. എങ്കിലും എത്രയോ ക്രിസ്ത്യാനികൾ തങ്ങളുടെ സാക്ഷ്യം നഷ്ടപ്പെടുത്തി ജീവിക്കുന്നു! എന്താണ് ഇങ്ങനെ? ദൈവത്തെ ഭയമില്ല; അത്ര തന്നെ! എന്താണ് ദൈവത്തെ ഭയമില്ലാതായിപ്പോയത്? മറുപടി ലളിതം: ദൈവം സീയോൻമലയുടെ (കൃപയുടെ) അടുത്തേക്ക് നമ്മെ കൊണ്ടുവന്നു. സീനായ്മലയുടെ അടുത്തു നിന്നവർ ഭയന്നതുപോലെ സീയോൻമലയുടെ അടുത്തു നിൽക്കുന്നവർ ഭയക്കുന്നില്ല.

പക്ഷേ സീയോൻമലയുടെ അടുത്തേക്ക് കൊണ്ടുവരപ്പെട്ടവരും ദൈവത്തെ ഭയക്കണം എന്ന് വേദപുസ്തകം വ്യക്തമായി പറയുന്നുണ്ട്. സീയോൻമലയിൽ തീയും, കൂരിരിട്ടും, കൊടുങ്കാറ്റും, കാഹളനാദവും (എബ്രായർ 12:18) ഇല്ലായെന്നതു ശരി തന്നെ. എങ്കിലും നാം ദൈവത്തെ ഭയപ്പെടുക തന്നെ വേണം. ഇക്കാര്യം എബ്രായലേഖനകാരൻ ചാരുതയോടെ അവതരിപ്പിക്കുന്നതു കാണുക: “ആകയാൽ... നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടുംകൂടെ സേവ ചെയ്ക. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ” (എബ്രായർ 12:28,29).

പ്രിയ വിശ്വാസി, താങ്കൾ സീനായ്മലയുടെ അടുത്തല്ല, സീയോൻമലയുടെ അടുത്താണ്; എന്നും കരുതി, ദൈവത്തിന്റെ അടുത്ത് കുട്ടിക്കളി വേണ്ട. സീനായ്മലയുടെ അടുത്ത് നിന്നവരുടെ പോലെ നാമും ഭയത്തോടെ സേവ ചെയ്യണം; എന്തെന്നാൽ നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്.

**സീയോൻമലയും ഭോഷ്കും:** വെളിപ്പാട് 14:1 ൽ നാം വായിക്കുന്നത് ഇപ്രകാരമാണ്: "പിന്നെ ഞാൻ സീയോൻമലയിൽ കുഞ്ഞാടും അവനോടുകൂടെ നെറ്റിയിൽ അവന്റെ നാമവും പിതാവിന്റെ നാമവും എഴുതിയിരിക്കുന്ന നൂറ്റിനാൽപ്പത്തിനാലായിരം പേരും നിൽക്കുന്നതു കണ്ടു." പ്രവചനഭാഗങ്ങൾ കൈകാര്യം ചെയ്യുന്നവർ കയ്യിലെടുത്ത് അമ്മാനമാടി വ്യാഖ്യാനങ്ങളുടെ വർണ്ണപ്രപഞ്ചം തന്നെ തീർക്കുന്ന ഈ വാക്യത്തെ പക്ഷേ നമുക്ക് മറ്റൊരു കോണിലൂടെ സമീപിക്കാം. ഇവിടെ നാം സീയോൻമലയിൽ കുഞ്ഞാടിനെയും തിരഞ്ഞെടുക്കപ്പെട്ട ഒരു കൂട്ടത്തെയും കാണുന്നു. ആ കൂട്ടത്തെക്കുറിച്ച് അഞ്ചാം വാക്യത്തിൽ പറഞ്ഞിരിക്കുന്നത് നോക്കുക: "ഭോഷ്കു അവരുടെ വായിൽ ഉണ്ടായിരുന്നില്ല; അവർ കളങ്കമില്ലാത്തവർ തന്നേ."

സീയോൻമലയിൽ നിൽക്കുന്നവർക്ക് ഭോഷ്കു വേണ്ട എന്നൊരു സന്ദേശം ഇവിടെ നിന്നും നമുക്കു ലഭിക്കുന്നുണ്ട്. നുണ പറയുന്ന കാര്യത്തിൽ യാതൊരു പിശുക്കും കാണിക്കാത്ത എത്രയോ ദൈവമക്കളുണ്ട്?! പ്രാർത്ഥിക്കുമ്പോഴും, പ്രസംഗിക്കുമ്പോഴും, സാക്ഷ്യം പറയുമ്പോഴുമെല്ലാം നുണയുടെ ഭാണ്ഡക്കെട്ടുകൾ പൊട്ടിച്ച് വിതറുകയാണ് പലരും ചെയ്യുന്നത്. പ്രിയ വിശ്വാസി, വേണ്ട; അതു നല്ലതല്ല; സീയോൻമലയിൽ ഭോഷ്കു വേണ്ട. സീനായ്മലയിലാകട്ടെ ആരും ഭോഷ്ക് പറയാൻ ധൈര്യപ്പെടുകയില്ലായിരുന്നു; കാരണം അവിടെ ഭയം എല്ലാവരെയും ഭരിച്ചിരുന്നുവല്ലോ.

സീയോൻമലയിൽ കൃപയുടെ അമിതമായ പ്രദർശനം ഉള്ളതുകൊണ്ട് എന്തു തോന്നിവാസവും ആകാം എന്നു പലരും ചിന്തിക്കുന്നു. രോഗശാന്തി, അന്യഭാഷാഭാഷണം, പ്രവചനം എന്നീ മേഖലകളിൽ പോലും ഭോഷ്കിന്റെ വിളയാട്ടം വന്നിരിക്കുന്നു! കാര്യങ്ങളെ പർവതീകരിച്ചു സംസാരിക്കുക എവിടെയും ഒരു ശീലമായിരിക്കുന്നു! മണ്ണിരയെ കൊന്നതിനുശേഷം, പെരുമ്പാമ്പിനെ ഞാൻ കൊന്നു എന്നു അവകാശപ്പെടുന്ന പോലെയുള്ള സാക്ഷ്യങ്ങൾ ഇന്നു പെരുകിയിരിക്കുന്നു. ദൈവമക്കളേ, നാം സീയോൻപർവതത്തിലാണ്; ഭോഷ്കിനു സ്ഥാനമില്ലാത്ത സീയോൻ പർവതത്തിൽ! അതു നമുക്കു മറക്കാതിരിക്കാം.

**(തുടരും)**

# പരിശുദ്ധാത്മാവ്

**-എംവിഎസ്-**

30

**ഏഴു വ്യത്യാസങ്ങൾ!**

ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്ന അന്യഭാഷയും ഇന്നത്തെ അന്യഭാഷയും തമ്മിൽ ചുരുങ്ങിയത് ഏഴു വ്യത്യാസങ്ങളെങ്കിലും ഉണ്ട് എന്ന കാര്യമാണ് നാം കഴിഞ്ഞ ചില ലക്കങ്ങളിൽ ചിന്തിച്ചുകൊണ്ടിരുന്നത്. അങ്ങനെയെങ്കിൽ ഇന്നു കേൾക്കുന്നത് വാസ്തവമായിട്ടുള്ള അന്യഭാഷ ആയിരിക്കാൻ സാധ്യത അശേഷമില്ല. പ്രാവിൽനിന്നും ഏഴു വ്യത്യാസങ്ങളുള്ള പക്ഷി എങ്ങനെ പ്രാവാകും? മയിലിൽനിന്നും നിന്നും ഏഴു വ്യത്യാസങ്ങളുള്ള പക്ഷി എങ്ങനെ മയിലാകും? അതുപോലെ, ഒന്നാം നൂറ്റാണ്ടിലെ അന്യഭാഷയിൽനിന്നും ഏഴു വ്യത്യാസങ്ങളെങ്കിലും ഉള്ള ഭാഷ എങ്ങനെ അന്യഭാഷയാകും? 1 കൊരിന്ത്യർ 14:27-29 ൽ പറഞ്ഞിരിക്കുന്ന ക്രമം ഇവർക്കു പാലിക്കാൻ കഴിയുന്നുമില്ല. ബൈബിളിൽ കാണുന്ന അന്യഭാഷയല്ലാ ഇവരുടേത് എന്ന് അങ്ങനെ അടിവരയിട്ടു തെളിയുന്നു.

**ഇന്നത്തെ അന്യഭാഷ - എങ്ങനെ സാധിക്കുന്നു?**

ഇന്നു കേൾക്കുന്ന അന്യഭാഷ ബൈബിൾപ്രകാരമുള്ള അന്യഭാഷയല്ല എന്നു വ്യക്തം. എന്നാലും നിരവധി പേർ 'അന്യഭാഷ' സംസാരിച്ചു നാം കേൾക്കാറുണ്ട്. പാസ്റ്റർമാരും പിന്നെ സ്ത്രീകളും ആണ് ഏറ്റവും കൂടുതൽ 'അന്യഭാഷ' സംസാരിച്ചു കേൾക്കാറുള്ളത്. ഇതിൽ പലരും ആത്മാർത്ഥതയോടെയാണ് പറയാറുള്ളത്. എന്താണ് ഇവിടെ സംഭവിക്കുന്നത്? ഈ അന്യഭാഷയുടെ ഉറവിടം ഏതാണ്? പല സാധ്യതകളുണ്ട്. അവ താഴെ കൊടുക്കുന്നു:

**1. കൃത്രിമം**

വെറുതെ ഉണ്ടാക്കിയങ്ങ് പറയുക. അത്ര തന്നെ. അന്യഭാഷ പറഞ്ഞില്ലെങ്കിൽ മറ്റുള്ളവർ നമ്മെ ആത്മികമായി കുറഞ്ഞവരായി കണക്കാക്കുമെന്ന തെറ്റിദ്ധാരണ നിമിത്തം കണ്ണുമടച്ച് വച്ചുകാച്ചുന്നു. ഇതാണ് ഇന്നത്തെ പലരുടെയും 'അന്യഭാഷ'യുടെ രഹസ്യം. മിമിക്രി

ക്കാർ 'അന്യഭാഷ' നന്നായി പറയുന്നുണ്ടല്ലോ. ഇതിൽനിന്നും ഇന്നു കേൾക്കുന്ന 'അന്യഭാഷ' പറയാൻ ആർക്കും കഴിയും എന്നു വരുന്നു. വരമായുള്ള അന്യഭാഷ അങ്ങനെ ആർക്കും അനുകരിക്കാൻ കഴിയുകയില്ല. മറ്റുള്ളവരെ ചുമ്മാ അനുകരിച്ച് സഭയിലെ സ്റ്റാറ്റസ് നിലനിർത്താനായുള്ള ശ്രമം, അഥവാ അനുകരണം, അഥവാ അഭിനയം!

**2. തെറ്റിദ്ധാരണ**

ചില വാക്കുകൾ നല്ല സ്പീഡിൽ പറഞ്ഞാൽ നാവു കുഴയുകയും വാക്കുകൾ മുറിയുകയോ താളം തെറ്റിയ നിലയിൽ ആവുകയോ ചെയ്യും. അത് അന്യഭാഷയാണെന്നു പലരും പഠിപ്പിക്കുന്നതുകൊണ്ട് ചില ശുദ്ധ പാവങ്ങൾ അതു വിശ്വസിക്കുന്നു. തുടർന്നു അതു പറയുന്നു. ഉദാഹരണമായി, ''സ്തോത്രം, സ്തോത്രം'' എന്നോ, ''രക്തം രക്തം'' എന്നോ ആവർത്തിച്ച് നല്ല വേഗത്തിൽ ഉറക്കെ പറഞ്ഞുകൊണ്ടിരുന്നാൽ ആ വാക്കുകളുടെ വ്യക്തത നഷ്ടപ്പെടുകയും മറ്റേതെങ്കിലും പദമായി തീരുകയും ചെയ്യും. ആ പദമാണ് 'അന്യഭാഷ' എന്നു അവരെ തെറ്റിദ്ധരിപ്പിക്കുന്നു.

തുടർന്ന്, ആ പദം അവർ പ്രാർത്ഥനയിൽ ആവർത്തിക്കുന്നു. അത് അന്യഭാഷയാണെന്നു അവർ ചിന്തിക്കുന്നു. മരിക്കുന്നതുവരെ ഒരേ പദങ്ങൾ തന്നെ 'അന്യഭാഷ'യായി ഇവർ പറഞ്ഞുകൊണ്ടിരിക്കുന്നത് ഇങ്ങനെയാണ്. ഒരു സഹോദരി പറയുന്ന അന്യഭാഷ ''തുതുതുതുതു'' എന്നാണ്! ഇതൊക്കെ ഇങ്ങനെയുള്ള തെറ്റിദ്ധാരണയുടെ ഫലമായി പറയുന്നതാകാം.

**3. വൈകാരികം**

അന്യഭാഷ എനിക്കു വേണം എന്നു കരഞ്ഞ് പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ചെയ്തുകൊണ്ട്, അന്യഭാഷ കിട്ടാത്തതിൽ മനംനൊന്തു കഴിയുന്നവരുണ്ട്. ഉപവാസം നിമിത്തം ഇവരുടെ ശരീരവും, അന്യഭാഷ കിട്ടാത്തതിലുള്ള മനോവിഷമം കാരണം ഇവരുടെ മനസ്സും ക്ഷീണിക്കുന്നു. തന്റെ ഭാഗത്തുള്ള ഏതെങ്കിലും കുറവു നിമിത്തമാണ് ദൈവം അന്യഭാഷ തരാത്തത് എന്നു ചിന്തിച്ച് അവർ പിന്നെയും ഭക്ഷണം വർജ്ജിക്കുകയും നിരന്തരം പ്രാർത്ഥനയിൽ കഴിയുകയും ചെയ്യുന്നു. പിന്നീട് സഭയിലെ കാത്തിരിപ്പുയോഗത്തിൽ പാസ്റ്ററുടെ പ്രസംഗവും പാട്ടും ഒച്ചയും ബഹളവും അലറലും അന്യഭാഷയ്ക്കായുള്ള ആഹ്വാനവും എല്ലാംകൂടി മുറുകിയ അന്തരീക്ഷത്തിൽ വൈകാരികമായ ഒരു അവസ്ഥയിലെത്തി വായിൽ തോന്നിയത് വിളിച്ചു പറയുന്നു. 'അന്യഭാഷ'യായി!

മൈക്കിൾ ജാക്സന്റെ പ്രോഗ്രാം കാണുന്ന ആയിരക്കണക്കിനു ആളുകളുടെ ഇടയിൽ ചെന്നു നിന്നാൽ, സംഗീതത്തോടും നൃത്തത്തോടും യാതൊരു കമ്പവും ഇല്ലാത്തവനും ചുവടു വച്ചുപോകുമത്രേ! ഇത്തരത്തിൽ സംഗീതവും കയ്യടിയും ഒക്കെ മുഴങ്ങുന്ന ഒരു അന്തരീക്ഷത്തിൽ ചില പാവം വിശ്വാസികൾ വൈകാരികമായ ഒരു തലത്തിലെത്തി 'അന്യഭാഷ' പറയുന്നു.

**4. മാനസികവൈകല്യം**

മനോനില തകരാറിലായ പലരെയും അതു സൗഖ്യമാകാനായി പെന്തെക്കോസ്തുസഭയിലേക്കോ കരിസ്മാറ്റിക്കുകളുടെ ധ്യാനകേന്ദ്രത്തിലേക്കോ എത്തിക്കുന്നു. ഇക്കൂട്ടർക്ക് പെട്ടെന്നു 'അന്യഭാഷ' കിട്ടുന്നതായി കണ്ടുവരുന്നു.

**സ്ത്രീകളും അന്യഭാഷയും**

ഇന്നത്തെ അന്യഭാഷ ആദ്യമായി പറഞ്ഞത് ഒരു സ്ത്രീയാണല്ലോ – ആഗ്നസ് ഓസ്മാൻ എന്നാണ് അവളുടെ പേര്. ഇന്നു ഏറ്റവും കൂടുതൽ അന്യഭാഷ പറയുന്നത് സ്ത്രീകളാണ്. പുരുഷന്മാർ ഇക്കാര്യത്തിൽ പുറകിലാണെന്നു പറയാം. 'ബലഹീനപാത്രങ്ങൾ'ക്കാണ് പെട്ടെന്ന് അന്യഭാഷ ലഭിക്കുന്നത്!

സഭകളിൽ ഏറ്റവും കൂടുതൽ 'അന്യഭാഷ' പറയുന്നത് സ്ത്രീകളാണെങ്കിലും, സഭകളിൽ സ്ത്രീകൾക്ക് അന്യഭാഷ പറയാൻ അനുവാദമില്ല എന്നതാണ് മറ്റൊരു രസകരമായ കാര്യം. ''സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ'' എന്നതാണ് പ്രമാണം (1 കൊരിന്ത്യർ 14:34). അന്യഭാഷ സംസാരിക്കുന്നതും പ്രവചിക്കുന്നതും പറഞ്ഞതിനുശേഷമാണ് ''സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ'' എന്നു രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽനിന്നും സ്ത്രീകൾക്ക് സഭയിൽ അന്യഭാഷ പറയാൻ അനുവാദമില്ല എന്നു വ്യക്തമാണല്ലോ.

പെന്തെക്കോസ്തുനാളിലും കൊർന്നേല്യൊസിന്റെ ഭവനത്തിലുമെല്ലാം സ്ത്രീകൾ അന്യഭാഷയിൽ സംസാരിച്ചു എന്നു ഇതിനു മറുപടിയായി പറഞ്ഞുകേട്ടിട്ടുണ്ട്. അവിടെ സ്ത്രീകൾ അന്യഭാഷയിൽ സംസാരിച്ചുവോ എന്ന തർക്കത്തിനു ഞാനില്ല. പക്ഷേ ഒരു കാര്യം പറയാം. അതൊന്നും സഭായോഗമായിരുന്നില്ല. നാം സഭായോഗത്തിലെ കാര്യമാണ് ചിന്തിക്കുന്നത്. സഭായോഗത്തിൽ അന്യഭാഷ സംസാരിക്കേണ്ടത് പുരുഷന്മാർ മാത്രമാണ്. അതും ഓരോരുത്തരായി സംസാരിക്കണം. ഏറിയാൽ രണ്ടോ മൂന്നോ പേർ മാത്രം!

**(തുടരും)**

എം. വി. സെബാസ്റ്റ്യൻ

# കുറഞ്ഞുവരുന്ന ബഹുമാനം!

## 1998

ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ നമ്മെ കൊഞ്ഞനം കുത്തുന്ന പോലെയുള്ള ചില അനുഭവങ്ങൾ നമുക്കുണ്ടാകും. വല്ലാത്തൊരു ജന്മം തന്നെ എന്നു തോന്നിപ്പോകുന്ന ചില അനുഭവങ്ങൾ...

എന്റെ ജീവിതത്തിൽ തനിയാവർത്തനം പോലെ സംഭവിച്ച കാര്യമാണ് ഇവിടെ ഞാൻ എഴുതുന്നത്.

1998 ൽ ഞാൻ ഇസാഫിൽ ജോലി ചെയ്യുന്നു. അവിടെ പുതുതായി വന്ന ഒരു ഇരുപത്തിരണ്ടുകാരൻ പയ്യൻ എന്നെ 'സെബാസ്റ്റ്യൻസാർ' എന്നാണ് ആദ്യം വിളിച്ചത്. കുറച്ചു ദിവസങ്ങൾക്കുശേഷം അവൻ 'സെബാസ്റ്റ്യനച്ചായൻ' എന്നു എന്നെ വിളിക്കാൻ തുടങ്ങി. പിന്നെയും കുറച്ചു ദിവസങ്ങൾ കൂടി കഴിഞ്ഞപ്പോൾ അവൻ എന്നെ വിളിച്ചത് 'സെബാസ്റ്റ്യൻചേട്ടൻ' എന്നാണ്. ചില ദിവസങ്ങൾ കൂടി കഴിഞ്ഞപ്പോൾ അവൻ എന്നെ 'സെബാസ്റ്റ്യൻ' എന്നു വിളിക്കാൻ തുടങ്ങി!

എന്തൊരു വിധിയാണപ്പാ!! ബഹുമാനം കുറഞ്ഞുവരികയോ?! എന്നോടുള്ള പരിചയം കൂടിവരുന്നതിനു അനുസരിച്ച് അവന് എന്നോടുള്ള ബഹുമാനം കുറഞ്ഞുവന്നു എന്ന സത്യം വേദനയോടെ ഞാൻ ഓർത്തു. കുറച്ചുംകൂടി ഘനശാലിയായി ഞാൻ പെരുമാറേണ്ടിയിരുന്നുവോ എന്നെനിക്കു സംശയം.

## 2000

ഞാൻ എന്റെ കൂട്ടുസഹോദരന്റെ കണ്ണടക്കടയിൽ ജോലി ചെയ്യുന്നു.

പാഴ്സൽ കൊണ്ടുവരുന്ന ഒരു ചെറുപ്പക്കാരൻ ഉണ്ട്. അവന് 'അല്പം കുറവ്' ഉണ്ട് എന്നാണ് പൊതുവെയുള്ള സംസാരം. ഒരു ദിവസം പാഴ്സൽ കൊണ്ടുവന്ന ആ

യുവാവ് എന്നോട്, "എന്താ സെബാസ്റ്റ്യൻ സാറേ സുഖമല്ലേ?" എന്നു ചോദിച്ചു.

"ഊം" എന്നു മൂളി ഞാൻ ചിരിച്ചു. അവന്റെ ആ സാറേ വിളി എനിക്കു ക്ഷ ബോധിക്കുകയും ചെയ്തു.

മറ്റൊരു ദിവസം അവൻ പാഴ്സൽ കൊണ്ടുവന്നപ്പോൾ, എന്നോടു ചോദിച്ചത് ഇപ്രകാരമാണ്: "എന്താ സെബാസ്റ്റ്യൻചേട്ടാ സുഖമല്ലേ?"

"ഊം" എന്നു മൂളി ഞാൻ അന്നും ചിരിച്ചു. സെബാസ്റ്റ്യൻസാർ അങ്ങനെ സെബാസ്റ്റ്യൻചേട്ടനായി!

വേറൊരു ദിവസം അവൻ വന്നപ്പോൾ ചോദ്യം ഇങ്ങനെയായിരുന്നു: "എന്താ സെബാസ്റ്റ്യാ, സുഖമല്ലേ?"

ഇത്തവണ "ഊം" എന്നു മൂളി ഞാൻ ഒരു വിളറിയ ചിരി ചിരിച്ചു.

എന്റെ ഒരു യോഗം നോക്കണേ! ഇനി അടുത്ത തവണ വരുമ്പോൾ അവൻ എന്നെ എന്തു വിളിക്കും എന്നോർത്ത് ഞാൻ ഭാരപ്പെട്ടു. ബഹുമാനം കുറഞ്ഞുവരികയാണല്ലോ. ഇനിയും ബഹുമാനം കുറച്ചു അവൻ എന്നെ എന്തെങ്കിലും വിളിച്ചാൽ, അതു വല്ല അസഭ്യം ആയിപ്പോകില്ലേ എന്നു ഞാൻ ആകുലപ്പെട്ടു.

ഏതായാലും ഒരു ട്യൂഷൻസെന്റർ ആരംഭിച്ചുകൊണ്ട് ഞാൻ അവിടെ നിന്നും പോന്നു. പിന്നെ അവനെ കാണേണ്ടിവന്നില്ല.

ആളുകൾക്ക് ബഹുമാനം കുറഞ്ഞുവരുന്നത് എന്തുകൊണ്ട് എന്ന് എത്ര ചിന്തിച്ചിട്ടും എനിക്കു മനസ്സിലായില്ല.

## 2020

ഇനിപ്പറയുന്നത് ഈയിടെ സംഭവിച്ച കാര്യമാണ്. കൃത്യമായി പറഞ്ഞാൽ, ഇക്കഴിഞ്ഞ ഒക്ടോബർമാസം 5-ാം തീയതി സംഭവിച്ച കാര്യമാണ്.

റിയൽ ലൈഫ് വോയ്സ് മാസികയിലെ ഒരു ലേഖനം വായിച്ച്, ഒരു സുവിശേഷകന്റെ മകൾ എനിക്ക് ഒരു വോയ്സ് മെസേജ് അയച്ചു. അതിന്റെ ചുരുക്കം ഇപ്രകാരമാണ്:

"സെബാസ്റ്റ്യൻബ്രദർ ഇങ്ങനെ മാസികയിൽ എഴുതുമ്പോൾ വെറുതെ ഓരോന്ന് എഴുതരുത്. സെബാസ്റ്റ്യൻബ്രദർ എനിക്കു പറയാനുള്ളതും കൂടി കേൾക്കണമായിരുന്നു."

അതിനു ഞാൻ കൊടുത്ത മറുപടിയുടെ ചുരുക്കം ഇപ്രകാരമായിരുന്നു:

"ഞാൻ ചില കാര്യങ്ങൾ ജനറൽ ആയി എഴുതുകയാണ് ചെയ്തത്. അത് ആരെക്കുറിച്ചാണെന്നോ, എവിടെയുള്ളവരാണെന്നോ ഞാൻ എഴുതിയിട്ടില്ല. അതിൽ എഴുതിയിട്ടുള്ള മുഴുവൻ കാര്യങ്ങളും നിങ്ങളെക്കുറിച്ചുമല്ല."

വീണ്ടും ആ സഹോദരി എനിക്കു വോയ്സ്മെസേജ് അയച്ചു. അതിന്റെ ചുരുക്കം ഇപ്രകാരമാണ്:

"തന്റെ മാസികയിൽ ഇങ്ങനെ തോന്നിയത് എഴുതരുത്. ഇത് ഇതിനുമുമ്പും ഞാൻ തന്നോട് പറഞ്ഞി

ട്ടുള്ളതാണ്. ഇനി താൻ ഇങ്ങനെ ഓരോന്നു എഴുതിയാൽ എനിക്ക് കുറച്ച് ബുദ്ധിമുട്ടുണ്ടാകും."

ഈ വോയ്സ്മെസേജിൽ ആ സഹോദരി അവരുടെ ഭർത്താവിൽനിന്നും കുറെ ദുരനുഭവങ്ങൾ അവർക്കുണ്ടായി എന്നു പറയുകയും അവ പലതും എന്നോട് വിവരിക്കുകയും ചെയ്തിരുന്നു.

ആദ്യത്തെ വോയ്സ്മെസേജിലെ സെബാസ്റ്റ്യൻബ്രദർ, രണ്ടാമത്തെ വോയ്സ്മെസേജിലെത്തിയപ്പോൾ താൻ, തന്റെ എന്നായിപ്പോയത് ഞാൻ ഒരു നടുക്കത്തോടെ ശ്രദ്ധിച്ചു.

ഞാൻ കൊടുത്ത മറുപടി ഇപ്രകാരമായിരുന്നു:

"വിശേഷങ്ങൾ പറയുന്നതിൽ വിരോധമില്ല. പക്ഷേ മാസികാനടത്തിപ്പ് സംബന്ധിച്ച് എന്നെ ഗുണദോഷിക്കരുത്. ഭീഷണിയുടെ സ്വരം ഒരിക്കലും ഉപയോഗിക്കരുത്. എനിക്കത് ഇഷ്ടമല്ല. ഞാൻ പേടിക്കുകയുമില്ല."

മിനിറ്റുകൾക്കുള്ളിൽ ആ യുവതിയായ സഹോദരിയുടെ മറുപടി വന്നു. ഇത്തവണ വോയ്സ്മെസേജ് അല്ല. പകരം മലയാളത്തിൽ ടൈപ്പ് ചെയ്ത് അയയ്ക്കുകയായിരുന്നു.

അത് അതേപടി ഞാൻ ഇവിടെ കൊടുക്കാം. വായനക്കാർ അത് വായിക്കുന്നതിനുമുമ്പ് പ്രത്യേകം ഓർക്കുക. ഇത് ബ്രദറൺസഭയിലെ ഒരു സഹോദരി എനിക്ക് അയച്ചതാണ്. ആ സഹോദരി ഒരു സുവിശേഷകന്റെ മകൾ കൂടിയാണ്.

ആ സന്ദേശം ഇതാ:

"നിന്നോട് പേടിക്കാൻ ഞാൻ ആവശ്യപ്പെട്ടില്ല. എന്റെ വീട്ടിലെ വിശേഷം എഴുതണ്ട എന്നാണ് ഞാൻ പറഞ്ഞത്. എന്റെ പ്രശ്നം നിന്നോട് പങ്ക് വയ്ക്കാൻ നീയാരാണ്. നാണം വേണമെടാ നാണം. അത് മനുഷ്യന് പറഞ്ഞിട്ടുള്ളതാണ്. പിന്നെ നിന്നെ ഇഷ്ടപ്പെടുത്താൻ നിന്റെ വീട്ടിലാരുമില്ലേടാ, പോടാ"

ആഹാഹാ, സൗന്ദര്യവും ഭക്തിയും കുമിഞ്ഞൊഴുകുന്ന വാക്കുകൾ! ഒരു സ്ത്രീ എഴുതിയ വരികൾ... ഒരു സഹോദരി എഴുതിയ വരികൾ... ഒരു ബ്രദറൺകാരി എഴുതിയ വരികൾ... ഒരു സുവിശേഷകന്റെ മകൾ എഴുതിയ വരികൾ...

അമ്പമ്പോ! ഗംഭീരം! ഇടിവെട്ട്! തിമിർത്തു! കലക്കി!

ഇതിനു മറുപടി കൊടുക്കാനുള്ള ശേഷിയൊന്നും ഈ പാവം സെബാസ്റ്റ്യനില്ല. ഇതിനു മറുപടിയായി എഴുതാനുള്ള വാക്കുകളൊന്നും ഈ പാവം സെബാസ്റ്റ്യന്റെ പക്കലില്ല.

അതുകൊണ്ട്, "വളരെ നന്നായിരിക്കുന്നു. ഒരു സുവിശേഷകന്റെ മകൾക്ക് ചേർന്നതാണിത്" എന്നൊരു ചെറിയ വോയ്സ് മെസേജ് മാത്രം അയച്ച്, സെബാസ്റ്റ്യൻ സമൂലം കീഴടങ്ങി. "ഇക്കാര്യം മാസികയിൽ കൊടുക്കുന്നതാണ്" എന്നും കൂടി ഞാൻ പറഞ്ഞിരുന്നു. ഒരു ക്ഷമാപണം ആ സഹോദരിയുടെ ഭാഗത്തുനിന്നും ഉണ്ടായാലോ എന്നു ഈ മണ്ടൻ വെറുതെ മോഹിച്ചുപോയി.

ങാ, അതു പോകട്ടെ. നിങ്ങൾ ആ സഹോദരിയുടെ വാക്കുകളിൽ എന്നെ

സംബോധന ചെയ്തത് ശ്രദ്ധിച്ചുവോ?

ആദ്യം സെബാസ്റ്റ്യൻബ്രദർ, പിന്നെ താൻ, പിന്നെ നീ... പോടാ...

അയ്യയ്യോ! എന്തൊരു വിധി! എന്തൊരു ജന്മം!

സെബാസ്റ്റ്യൻസാർ സെബാസ്റ്റ്യൻ അച്ചായനും, സെബാസ്റ്റ്യൻചേട്ടനും, സെബാസ്റ്റ്യനും ആകുന്ന കാഴ്ച ഇസാഫിൽ...

സെബാസ്റ്റ്യൻസാർ, സെബാസ്റ്റ്യൻ ചേട്ടനും, സെബാസ്റ്റ്യനും ആകുന്ന കാഴ്ച കണ്ണടക്കടയിൽ...

സെബാസ്റ്റ്യൻബ്രദർ, താൻ, നീ, പോടാ എന്നിങ്ങനെയാകുന്ന കാഴ്ച വാട്സാപിൽ....

*വാസ്തവത്തിൽ, മറ്റുള്ളവരിൽ നിന്നും നമുക്കു ലഭിക്കുന്ന ബഹുമാനത്തെക്കുറിച്ചു നാം ആകുലപ്പെടേണ്ടതില്ല.*

*മനുഷ്യർക്ക് ദേഷ്യം വന്നാൽ, അല്ലെങ്കിൽ അവർ ആഗ്രഹിക്കുന്ന വിധത്തിൽ നാം പെരുമാറാതിരുന്നാൽ, അതുമല്ലെങ്കിൽ ആളുകൾക്ക് വിവേകവും വകതിരിവും ഇല്ലാതിരുന്നാൽ, അവരിൽനിന്നും ഇതുപോലെ ബഹുമാനം കുറഞ്ഞുവരുന്ന പദപ്രയോഗങ്ങൾ നാം കേൾക്കേണ്ടിവന്നേക്കാം.*

*പക്ഷേ സാക്ഷാൽ ദൈവം നമ്മെ ബഹുമാനിക്കാൻ തയ്യാറായി നിൽക്കുന്നു! ഈ പുഴുവിനെ ബഹുമാനിക്കാൻ! അതുകൊണ്ടത്രേ യേശുക്രിസ്തു ഇങ്ങനെ പറഞ്ഞത്:*

*"തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ട് ഏകദൈവത്തിന്റെ പക്കൽനിന്നുള്ള ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്ക് എങ്ങനെ വിശ്വസിപ്പാൻ കഴിയും" (യോഹ. 5:44).*

*യോഹന്നാൻ 12:43 ൽ നാം ഇങ്ങനെ വായിക്കുന്നുവല്ലോ: "അവർ ദൈവത്താലുള്ള മാനത്തേക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു."*

*റോമർ 2:29 ൽ, "ഹൃദയപരിച്ഛേദനയേറ്റവന് മനുഷ്യരാലല്ല, ദൈവത്താൽ തന്നേ പുകഴ്ച ലഭിക്കും" എന്നു കാണുന്നു.*

*മേൽപ്പറഞ്ഞ മൂന്നു വാക്യങ്ങളും വ്യക്തമായി തെളിയിക്കുന്നത് ദൈവം നമ്മെ ബഹുമാനിക്കാൻ തയ്യാറാണ് എന്നാണ്. ദൈവമേ! അങ്ങ് എന്നെ ബഹുമാനിക്കുകയോ! അതെ... അപ്രകാരം ഉണ്ട്.*

*അതുകൊണ്ട് മനുഷ്യന്റെ ബഹുമാനത്തിലെ കുറവ് നാം ഗണ്യമാക്കേണ്ടതില്ല. ദൈവം ആദരിക്കുന്നതാണ് പ്രധാനം.*

ഇനി എന്തൊക്കെ കേൾക്കാൻ ബാക്കിയിരിക്കുന്നു, ആവോ? ആരൊക്കെ പൂമാല എറിയുമോ, ആരൊക്കെ കല്ലെറിയുമോ, ആവോ?

മനുഷ്യർ എന്തും പറയട്ടെ. മനുഷ്യരുടെ ഇടയിലെ മതിപ്പ് കുറഞ്ഞോട്ടെ. ദൈവത്തിന് അനിഷ്ടം തോന്നുന്ന കാര്യങ്ങൾ നമ്മിൽ ഇല്ലാതിരുന്നാൽ മതി. നമ്മുടെ ദൈവം നമ്മെ കൈവിടാതിരുന്നാൽ മതി. അതെ, അതു മതി.

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th November 2020

Posted at
Thrissur RMS

**ആനുകാലികം**

## പഞ്ചരത്നങ്ങളുടെ അമ്മ!

അതിജീവനത്തിന്റെ മകുടോദാഹാരണങ്ങളാണ് പഞ്ചരത്നങ്ങളും അവരുടെ അമ്മയും. 1995 നവംബർ 18–ാം തീയതി, രമാദേവി അഞ്ചു കുഞ്ഞുങ്ങൾക്ക് ജന്മം നൽകി. ഉത്ര, ഉത്രജ, ഉത്രജൻ, ഉത്തര, ഉത്തമ എന്നിങ്ങനെ കുഞ്ഞുങ്ങൾക്ക് പേരുകൾ നൽകി. ഒരാൺകുഞ്ഞും നാലു പെൺകുഞ്ഞുങ്ങളും! പഞ്ചരത്നങ്ങൾ എന്നു അവർ വിശേഷിപ്പിക്കപ്പെട്ടു. ഒരു കുഞ്ഞിനെ പരിചരിക്കുന്നതിന്റെ ബുദ്ധിമുട്ടിൽ നെടുവീർപ്പിടുന്ന അമ്മമാരെ അമ്പരിപ്പിച്ചുകൊണ്ട് രമാദേവി തനിക്കു ലഭിച്ച അഞ്ചു കുഞ്ഞുങ്ങളെയും സന്തോഷത്തോടെ പരിചരിച്ചു.

പഞ്ചരത്നങ്ങൾ എന്നും പത്രവാർത്തകളിൽ ഇടം നേടി. അവർ പിറന്നുവീണപ്പോൾ, അവർക്കു ഒരു വയസ്സായപ്പോൾ, അവർ സ്കൂളിൽ പോകാൻ തുടങ്ങുമ്പോൾ.... പത്രങ്ങളും മറ്റു മാധ്യമങ്ങളും അവരുടെ സന്തോഷത്തിൽ പങ്കുചേർന്നു. പക്ഷേ.... ആ കുഞ്ഞുങ്ങൾക്ക് വെറും ഒമ്പത് വയസ്സു മാത്രമുള്ളപ്പോൾ, അവരുടെ അച്ഛൻ പ്രേംകുമാർ വലിയ സാമ്പത്തികബാധ്യത നിമിത്തം ആത്മഹത്യ ചെയ്തു. തന്റെ ഭാര്യയെയും അഞ്ചു മക്കളെയും മരണത്തിൽ അദ്ദേഹം കൂടെ കൂട്ടിയില്ല.

തളർന്നു വീണു രമാദേവി. അഞ്ചു മക്കളും വൻ കടബാധ്യതയും! പഞ്ചരത്നങ്ങളെ അവരുണ്ടായ കാലം മുതൽ നെഞ്ചിലേറ്റിയ സമൂഹം അവസരത്തിനൊത്ത് ഉയർന്നു. രമാദേവിയെയും മക്കളെയും സമൂഹം നെഞ്ചോടു ചേർത്തുപിടിച്ചു. ഗവൺമെന്റ് രമാദേവിക്ക് ഒരു കോപ്പറേറ്റീവ് ബാങ്കിൽ ജോലി കൊടുത്തു. രമാദേവി തന്റെ മുമ്പിൽ ചോദ്യചിഹ്നവുമായി നിന്ന ഭാവിയെ നേരിടാനുള്ള ദൃഢനിശ്ചയത്തോടെ ജീവിക്കാൻ തീരുമാനിച്ചു. പഞ്ചരത്നങ്ങൾ വളർന്നു, വലുതായി, പഠിച്ചു, ജോലി നേടി... ദേ, ഇപ്പോൾ അവരുടെ വിവാഹവുമായി! (അവലംബം: 2020 ഒക്ടോബർ 23 ലെ പത്രവാർത്ത)

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V